**ന്യൂലൈഫ്**
**ബൈബിൾ പഠന കോഴ്സ്**


# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് A

**പഠനം 1.** ജനനവും ബാല്യകാലവും

പേര്:

**വായിക്കുക: മത്തായി 1:18 – 25**




**താക്കോൽവാക്യം: ലൂക്കോസ് 2:52**

**"യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റേയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു."**

**ക്രിസ്തുവിന്റെ ജനനം**

യേശുകർത്താവ് ഏകദേശം 2000 വർഷങ്ങൾക്കുമുമ്പ് യിസ്രായേലിലെ ബേത്‌ലഹേമിൽ ജനിച്ചു. പല സ്ഥലങ്ങളിലും ക്രിസ്തുമസ് ആഘോഷസമയത്ത് യേശുവിന്റെ അത്ഭുതകരമായ ജനനത്തെക്കുറിച്ച് എല്ലാ വർഷവും ഓർക്കാറുണ്ട്.

നികുതി അടയ്ക്കേണ്ടതിന് എല്ലാവരും തങ്ങളുടെ പേര് രേഖപ്പെടുത്തേണം എന്ന റോമാ ചക്രവർത്തിയുടെ കല്പനപ്രകാരം യേശുവിന്റെ അമ്മയായ മറിയയും അവളുടെ ഭർത്താവായ യോസേഫിനൊപ്പം ബേത്‌ലഹേമിൽ എത്തിച്ചേർന്നു. ബേത്‌ലഹേമിലെ സത്രങ്ങളെല്ലാം നിറഞ്ഞിരുന്നതുകൊണ്ട് രക്ഷകന്റെ ജനനം നടന്നത് പുറത്ത് എവിടെയോ ആണ്. അവിടെ ഒരു പശുത്തൊട്ടി അവന്റെ തൊട്ടിലായി ഉപയോഗിച്ചു.

അവന്റെ ജനനത്തോട് അനുബന്ധിച്ചുണ്ടായ എല്ലാ അസാധാരണ സാഹചര്യങ്ങളും നൂറുകണക്കിന് വർഷങ്ങൾക്കു മുമ്പ് ദൈവത്തിന്റെ പ്രവാചകന്മാരാൽ എഴുതപ്പെട്ടതിന്റെ പൂർത്തീകരണമായിരുന്നു *(യെശയ്യാവ് 7:14, മീഖാ 5:2)*. ദൈവത്തിന്റെ ഈ പദ്ധതി തന്റെ കല്പനയിലൂടെ പൂർത്തിയാകും എന്ന് റോമൻ ചക്രവർത്തി ഒരിക്കൽ പോലും വിചാരിച്ചിട്ടുണ്ടാവില്ല എന്ന് നമുക്ക് തീർച്ചയാണ്. ദൈവം സർവ്വത്തേയും നിയന്ത്രിക്കുന്നവനാണ്.

ക്രിസ്ത്യാനികൾ യേശുകർത്താവിന്റെ "കന്യകാജനനത്തിൽ" വിശ്വസിക്കുന്നു. എന്നുവെച്ചാൽ അവന്റെ ഗർഭധാരണം ഒരു അത്ഭുതമായിരുന്നു, അതിൽ അവന് മാനുഷികമായി ഒരു പിതാവില്ലായിരുന്നു. സ്വാഭാവികമായും യോസേഫ് യേശുവിന്റെ പിതാവല്ല എന്ന് ബൈബിൾ വളരെ വ്യക്തമായി പഠിപ്പിക്കുന്നു. ഈ കാര്യമാണ് വായനാഭാഗമായ 24,25 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്; ക്രിസ്തീയ വിശ്വാസങ്ങളിലെ വളരെ സുപ്രധാനമായ ഒരു വിശ്വാസമാണ് ഇത്.

ശിശുവിന്റെ ജനനത്തെക്കുറിച്ച് ദൂതന്മാരാൽ അറിവു ലഭിച്ച ആട്ടിടയന്മാരായിരുന്നു ശിശുവിന്റെ ആദ്യസന്ദർശകർ.

അതിനുശേഷം കിഴക്കുനിന്നും സമ്മാനങ്ങളുമായി വിദ്വാന്മാർ വരികയും അവനെ രാജാവായി നമസ്ക്കരിക്കുകയും ചെയ്തു. ബേത്‌ലഹേമിൽ പുതിയ രാജാവ് ജനിച്ചുവെന്ന വാർത്ത യഹൂദന്മാരുടെ രാജാവായ ഹെരോദാവ് കേട്ടപ്പോൾ താൻ ആ ശിശുവിനെ കൊല്ലുവാൻ പദ്ധതിയിട്ടു. മറിയയും യോസേഫും ശിശുവിനേയും കൊണ്ട് മിസ്രയിമിലേക്ക് ഓടിപ്പോയി. ഹെരോദാവിന്റെ മരണം വരെ അവർ അവിടെ പാർത്തു. അവർ സ്വദേശത്തേക്ക് മടങ്ങി വന്നപ്പോൾ വടക്കേനാടായ നസറേത്തിൽ വന്നു താമസിച്ചു *(മത്തായി 2:1, 13 – 23 നോക്കുക)*. ഇവിടെ യോസേഫ് ഒരു തച്ചനായി ജോലി ചെയ്തു. യേശു വളർന്നു വന്നു.

യേശുവിന്റെ ബാല്യകാലത്തെക്കുറിച്ചുള്ള ഒരു ലഘുവിവരണമാണ് താക്കോൽവാക്യമായി നൽകിയിരിക്കുന്നത്.

**കർത്താവിന്റെ ബാല്യകാലം**

യേശുവിന്റെ ബാല്യകാലത്തെക്കുറിച്ച് വളരെകുറച്ചു കാര്യങ്ങൾ മാത്രമേ നമുക്ക് അറിയുകയുള്ളൂ. യേശുവിന് പന്ത്രണ്ടു വയസ്സായപ്പോഴുണ്ടായ ഒരു സംഭവത്തെക്കുറിച്ച് ***ലൂക്കോസ്*** *2:41 – 51-ൽ* രേഖപ്പെടുത്തിയിട്ടുണ്ട്. പെസഹ ആചരിക്കുവാനായി മറിയയും യോസേഫും യേശുവും യെരുശലേമിലേക്ക് പോയ കാര്യമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. മിസ്രയിമിലെ അടിമത്വത്തിൽ നിന്നും യിസ്രായേലിന്റെ വിടുതലിനെ ഓർമ്മിക്കുന്ന ഈ ആഘോഷത്തിൽ പങ്കെടുക്കുവാൻ ഓരോ വർഷവും ആയിരക്കണക്കിന് യഹൂദന്മാർ ദൈവാലയത്തിൽ വരുമായിരുന്നു *(പുറപ്പാട് 12)*.

മടക്കയാത്രയിൽ ഒരു ദിവസത്തെ വഴി ദൂരം പിന്നിട്ടപ്പോൾ യേശുവിനെ കാണാനില്ല എന്ന് മറിയയ്ക്കും യോസേഫിനും മനസ്സിലായി. അവരുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ അവനെക്കുറിച്ച് യാതൊരു അറിവും ഇല്ലായിരുന്നു. വളരെ ഉത്കണ്ഠയോടെ മറിയയും യോസേഫും യെരുശലേമിലേക്ക് മടങ്ങിപ്പോയി, അവനെ കാണാതെയായിട്ട് ഇപ്പോൾ മൂന്നു ദിവസമായിരുന്നു. അവൻ ദൈവാലയത്തിൽ മതഉപദേഷ്ടാക്കളോടൊത്ത് ചില ചോദ്യങ്ങൾ ചർച്ച ചെയ്യുകയായിരുന്നു. അവർ അവന്റെ ജ്ഞാനത്തിൽ വിസ്മയിച്ചു.

അവന്റെ മാതാപിതാക്കൾ അവനെക്കുറിച്ച് വേവലാതിപ്പെട്ടു എന്ന് അവനോട് പറഞ്ഞപ്പോൾ താൻ ശ്രദ്ധാവഹമായ ഒരു ഉത്തരം നൽകുകയുണ്ടായി. അവൻ അവരോട്, ***"ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടത് എന്ന് നിങ്ങൾ അറിയുന്നില്ലയോ" (ലൂക്കോസ്*** *2:49)*.

മറിയയും യോസേഫും ആശ്ചര്യപ്പെട്ടു. അവൻ ദൈവപുത്രനാണെന്നും അവന് ദൈവത്തോടുണ്ടായിരുന്ന വളരെ പ്രത്യേകമായ ബന്ധവും അവൻ പൂർണ്ണമായും മനസ്സിലാക്കിയിരുന്നില്ല. എന്നിരുന്നാലും അവൻ അവർക്കൊപ്പം നസറേത്തിലേക്ക് മടങ്ങിപ്പോകുകയും അവർക്ക് കീഴടങ്ങിയിരിക്കുകയും ചെയ്തു.

**1** **വായനാഭാഗത്തെ നിർദ്ദേശങ്ങൾ ഉപയോഗിച്ച് ചുവടെക്കൊടുത്തിരിക്കുന്ന വാചകങ്ങൾ പൂർത്തിയാക്കുക.**

'യേശു' എന്ന പേരിന് 'രക്ഷകൻ' എന്നുള്ള അർത്ഥം വളരെ യോജിച്ചതാണ് കാരണം അവൻ വന്നത്...

.................................................................................................... 2

**2** **യേശുകർത്താവിന്റെ കന്യകാജനനത്തെക്കുറിച്ച് പഴയനിയമത്തിലെ ഒരു പ്രവാചകനാൽ പ്രവചിക്കപ്പെട്ട രണ്ട് വാക്യങ്ങൾ വായനാഭാഗത്തു നിന്നും എടുത്തെഴുതുക.**

i. ....................................................................................................

....................................................................................................

ii. ....................................................................................................

.................................................................................................... 4

**3** **A. മറിയയും യോസേഫും ബേത്ലഹേമിലേക്ക് യാത്ര ചെയ്തത് എന്തിന്?**

....................................................................................................

**B. മറിയയും യോസേഫും മിസ്രയിമിലേക്ക് എന്തിനാണ് പോയത്?**

.................................................................................................... 4

**4** A. **ഭൂപടത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന നാല് സ്ഥലങ്ങളുടെ പേരും അവയ്ക്ക് ഓരോ ബൈബിൾ വാക്യങ്ങളും എഴുതുക.**

i. .................................... ii. .................................... 4

iii. .................................... iv .................................... 

**B. ഓരോ വാചകങ്ങൾക്കും ശേഷം ശരിയായ സ്ഥലപ്പേരുകൾ എഴുതുക.**

I. യേശുകർത്താവ് വളർന്നത് ഇവിടെയാണ് ....................

II. യേശുകർത്താവ് ജനിച്ചത് ഇവിടെയാണ്? ....................

III. യേശുകർത്താവ് കുറേനാൾ ഇവിടെ താമസിച്ചിരുന്നു. .................... 4

IV. യേശുകർത്താവിന് 12 വയസ്സായപ്പോൾ ഇവിടെ സന്ദർശിക്കുവാൻ പോയി. ....................

**5** **നമ്മിൽ നിന്നും യേശുകർത്താവ് വ്യത്യസ്തനാണെന്ന് സൂചിപ്പിക്കുന്ന ഒരു കാര്യത്തെക്കുറിച്ച് വാക്യത്തിൽ എഴുതുക.**

.................................................................................................... 3

....................................................................................................

**6** **ഒരു കൗമാരപ്രായക്കാരൻ എന്ന നിലയിൽ യേശു തന്റെ മാതാപിതാക്കൾക്ക് കീഴ്പ്പെട്ടിരുന്നുവെന്ന് ലൂക്കോസ് 2:51– ൽ നിന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. ഒരു യുവക്രിസ്ത്യാനിയെ സംബന്ധിച്ച് ഈ കാലയളവിൽ എന്ത് പ്രാധാന്യതയാണ് ഇതിനുള്ളത്?**

.................................................................................................... 4

....................................................................................................

25

ആകെ മാർക്ക്

# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# ക്രിസ്തുവിന്റെ ജീവിതം

**യൂണിറ്റ് A**

## പഠനം 2. യേശു ഗലീലയിൽ

**വായിക്കുക: മർക്കോസ് 1:4 – 28**

**താക്കോൽവാക്യം: അപ്പോസ്തലപ്രവൃത്തികൾ 10:38**

**"നസറയനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തതും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചു".**


ഏകദേശം 30 വയസ്സായപ്പോൾ യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചു. എന്നു വെച്ചാൽ അവൻ പഠിപ്പിച്ചും പ്രസംഗിച്ചും സൗഖ്യം നൽകിയും കൊണ്ട് വിവിധ സ്ഥലങ്ങളിൽ യാത്ര ചെയ്തു എന്നാണ് അർത്ഥമാക്കുന്നത്. കൂടുതൽ സമയവും അവൻ വളർന്ന വടക്കേദേശമായ ഗലീലയിൽ തന്നെയായിരുന്നു. ചിലപ്പോഴൊക്കെ അവൻ തെക്കോട്ട് യഹൂദ്യയിലേക്കും യാത്ര ചെയ്തു. (ഇവയെ ഭൂപടത്തിൽ കണ്ടെത്തുക).

അവന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സംഭവിച്ചു. ഒന്നാമത് താൻ യോർദ്ദാൻ നദിയിൽ സ്നാനമേറ്റു. ക്രിസ്തു വളരെ വേഗം വരുന്നു എന്ന് യോഹന്നാൻ സ്നാപകൻ കുറേ നാളേക്ക് പ്രസംഗിക്കുകയുണ്ടായി. വരുവാനുള്ളവനെ സ്വീകരിക്കുവാനുള്ള തയ്യാറെടുപ്പ് വെളിപ്പെടുത്തുവാൻ അവൻ ജനങ്ങളോട് തങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുവാനും സ്നാനപ്പെടുവാനും ആഹ്വാനം നൽകി. ആദ്യം യേശുവിനെ സ്നാനപ്പെടുത്തുവാൻ യോഹന്നാൻ വിസമ്മതിച്ചു കാരണം യേശുവിന് പശ്ചാത്തപിക്കുവാനായിട്ടുള്ള പാപങ്ങൾ ഇല്ലെന്നും യേശു തന്നേക്കാൾ വലിയവനാണെന്നും യോഹന്നാന് അറിയാമായിരുന്നു. എന്നിരുന്നാലും യേശു യോഹന്നാനെ നിർബ്ബന്ധിച്ച് അവനാൽ സ്നാനം കൈക്കൊണ്ടു. ഇങ്ങനെ യേശുകർത്താവ് താൻ പാപത്തിൽ നിന്നും രക്ഷിക്കുവാൻ പോകുന്ന മനുഷ്യരോട് തുല്യനെന്നവണ്ണം പ്രവർത്തിച്ചു.

അതിനുശേഷം അവൻ പിശാചിനാൽ പരീക്ഷിക്കപ്പെട്ടു. പിതാവാം ദൈവം തനിക്കു നൽകിയ ദൗത്യത്തിൽ നിന്നും പിന്തിരിപ്പിക്കാൻ പിശാച് 40 ദിവസങ്ങൾ ശ്രമിച്ചു (ക്രിസ്തു നേരിട്ട പരീക്ഷണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ***മത്തായി 4:1 – 11, ലൂക്കോസ് 4:1 – 13***-ൽ കൊടുത്തിട്ടുണ്ട്). യേശുകർത്താവ് പിശാചിനെ മൂന്നു പ്രാവശ്യം വളരെ പ്രാഗത്ഭ്യത്തോടെ ദൈവവചനത്താൽ പരാജയപ്പെടുത്തി. എന്നാൽ യേശു ദൈവപുത്രനാണ്. അവൻ പിശാചിന്റെ വലയിൽ വീണില്ല. ദൈവത്തിന് എതിരായി പാപം ചെയ്യുവാൻ യേശുകർത്താവിന് കഴിയുമായിരുന്നില്ല ***(എബ്രായർ 4:15).***

യേശുകർത്താവിന്റെ പരസ്യശുശ്രൂഷയ്ക്കായും അവന്റെ പ്രവർത്തനത്തിൽ അവനെ സഹായിക്കേണ്ടതിനും കൂടെ കൂട്ടുന്നതിനുമായി പന്ത്രണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുത്തു. അവരുടെ പേരുകൾ ***മർക്കോസ് 3:14 – 19*** കാണാവുന്നതാണ്.

യേശുകർത്താവിന്റെ പ്രസംഗശുശ്രൂഷ ആരംഭിച്ച ആദ്യസ്ഥലങ്ങളിൽ ഒന്ന് തന്റെ സ്വദേശമായിരുന്ന നസറേത്ത് തന്നെയായിരുന്നു. യഹൂദന്മാരുടെ പള്ളിയിൽ വെച്ച് അവൻ യെശയ്യാവിന്റെ പുസ്തകം വായിക്കുകയും യെശയ്യാവിനാൽ പ്രവചിക്കപ്പെട്ട വ്യക്തി താനാണെന്നും അവകാശപ്പെട്ടു. ആദ്യമൊക്കെ ജനങ്ങൾ അവന്റെ വാക്കുകൾ ഇഷ്ടപ്പെട്ടുവെങ്കിലും പിന്നീട് അവൻ പറഞ്ഞ അവകാശങ്ങളെ നിരസിക്കുകയും അവന് എതിരായിത്തീരുകയും ചെയ്തു. അവർ അവനെ കൊല്ലുവാനും ശ്രമിച്ചു. ***(ലൂക്കോസ് 4:16 – 30).***




യേശുകർത്താവ് ഗലീലയിലുള്ള മറ്റ് അനേക പട്ടണങ്ങളും സന്ദർശിച്ചു. അവൻ പോയ ഇടങ്ങളിലൊക്കെയും അവനെ കേൾക്കുവാനായി ജനക്കൂട്ടം ഉണ്ടായിരുന്നു. അവൻ വളരെ പെട്ടെന്ന് തന്നെ പ്രശസ്തി നേടി. ജനങ്ങൾ അവന്റെ ശക്തിയിലും അധികാരത്തോടെയുള്ള സംസാരത്തിലും അത്ഭുതപ്പെട്ടു ***(മർക്കോസ് 1:28, 38,39).***

അവന്റെ വാക്കുകൾ സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ട് അവർ വളരെ ഇഷ്ടപ്പെട്ടു. താൻ പറഞ്ഞത് വ്യക്തമാക്കുവാൻ വേണ്ടി അവൻ പലപ്പോഴും ഉപമകൾ ഉപയോഗിച്ചു. "സ്വർഗ്ഗീയ അർത്ഥങ്ങളുള്ള ഭൗമികമായ കഥയാണ് ഉപമ എന്നു പറയുന്നത്" മാത്രമല്ല ജനങ്ങളുടെ ദൈനന്തിന ജീവിതത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ പറയുന്നതിലൂടെ യേശുകർത്താവ് തന്റെ വാക്കുകൾ മറ്റുള്ളവർക്ക് ഗ്രഹിക്കാവുന്ന വിധം പറഞ്ഞു. ഒരു ഉദാഹരണത്തിനായി 'വിതച്ചവന്റെ ഉപമ' ഒന്നു ശ്രദ്ധിക്കുക ***(മർക്കോസ് 4:2 – 8).*** അവൻ സംസാരിച്ചപ്പോഴൊക്കെയും ദൈവത്തിന്റെ വചനമാണ് സംസാരിച്ചത് എന്ന് ജനങ്ങൾ മനസ്സിലാക്കി.

ദൈവത്തിന്റെ ശക്തിയാൽ മാത്രം ചെയ്യാൻ കഴിയുന്ന വിസ്മയകരമായ കാര്യങ്ങൾ അവൻ ചെയ്യുകയുണ്ടായി. ഇവയെ നാം അത്ഭുതങ്ങൾ എന്ന നിലയിൽ മനസ്സിലാക്കുന്നു. ചിലത് രോഗങ്ങളെ സൗഖ്യമാക്കിയതും ഭൂതങ്ങളെ പുറത്താക്കുന്നതുമായിരുന്നു. മറ്റു ചിലത് പ്രകൃതി സംബന്ധമായതും എന്നു വെച്ചാൽ കാറ്റിനെ ശാന്തമാക്കിയതും ആയിരുന്നു ***(മർക്കോസ് 4:39).*** അവൻ ദൈവപുത്രനാണെന്നുള്ളതിന്റെ തെളിവായിരുന്നു ഈ ചെയ്യപ്പെട്ട അത്ഭുതങ്ങൾ.

ഒരു സന്ദർഭത്തിൽ അവൻ തന്റെ ശിഷ്യന്മാർക്ക് മറ്റൊരു തെളിവു നൽകി. ഒരു മലയുടെ മുകളിൽ അവൻ തന്റെ രൂപം മറ്റൊരു രീതിയിൽ വെളിപ്പെടുത്തുകയും "***ഇവൻ എന്റെ പ്രിയപുത്രൻ***" എന്ന ശബ്ദം കേൾക്കാൻ ഇടയാവുകയും ചെയ്തു. ഈ സംഭവത്തെ നാം രൂപാന്തരം എന്ന് അറിയപ്പെടുന്നു. തങ്ങളുടെ ഗുരു ഏറെ പ്രത്യേകതയുള്ളയാളാണെന്ന് ദൈവം ശിഷ്യന്മാർക്ക് മനസ്സിലാക്കുവാൻ ഒരു അവസരം നൽകുകയായിരുന്നു ***(മർക്കോസ് 9:2 – 9).***

താൻ ഒരു ലളിതജീവിതമാണ് ജീവിച്ചിരുന്നതെങ്കിലും അവൻ സത്യത്തിൽ സ്വർഗ്ഗത്തിന്റെ നാഥനായിരുന്നു - മനുഷ്യരൂപത്തിലുള്ള ദൈവത്തിന്റെ പുത്രൻ.

**1** **1. ജനം കൂട്ടമായി യോഹന്നാന്റെ അടുക്കൽ സ്നാനപ്പെടുവാൻ വന്നത് എന്തിന്?**

........................................................................................................................ 2

**2** **യേശു യോഹന്നാനാൽ സ്നാനപ്പെടേണ്ട ആവശ്യം എന്തായിരുന്നു?**

........................................................................................................................

........................................................................................................................ 3

**3** **കർത്താവിന്റെ പരീക്ഷണത്തെക്കുറിച്ച് പൂർണ്ണമായും അറിയുവാൻ മത്തായി 4:1 – 11 വായിക്കുക. പിശാച് യേശുവിന്റെ മുമ്പിൽ വെച്ച ഏതെങ്കിലും രണ്ട് നിർദ്ദേശങ്ങളെക്കുറിച്ച് എഴുതുക.**

........................................................................................................................

........................................................................................................................

........................................................................................................................ 4

........................................................................................................................

**4** **ചുവടെ കൊടുത്തിരിക്കുന്നവ ശരിയോ തെറ്റോ എന്നെഴുതുക.**

1. യേശു ഒരിക്കൽ പോലും നസറേത്തിൽ പ്രസംഗിച്ചില്ല. ..........................................
2. യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. ..........................................
3. യേശു സാത്താന്റെ പരീക്ഷണങ്ങൾക്ക് വഴങ്ങിക്കൊടുത്തില്ല. ..........................................
4. യേശുവിന്റെ പ്രസംഗങ്ങൾ വളരെ കുറച്ചു പേർ മാത്രമേ കേട്ടിട്ടുള്ളൂ. .......................................... 5
5. സ്വർഗ്ഗീയ അർത്ഥങ്ങളുള്ള ഭൗമിക കഥകളാണ് ഉപമകൾ. ..........................................

**5** **മർക്കോസ് 9:2 – 8ൽ നിന്നും യേശുകർത്താവ് മലയിൽ മറുരൂപമായത് ദർശിച്ച മൂന്ന് ശിഷ്യന്മാരുടെ പേരുകൾ എഴുതുക.**

1........................................ 2........................................ 3 ........................................ 3

**6** **ഗലീലയിലുള്ള ജനങ്ങൾ യേശുവിനെ വളരെയധികം ഇഷ്ടപ്പെട്ടതിനുള്ള രണ്ട് കാരണങ്ങൾ നിർദ്ദേശിക്കുക. വായനാ ഭാഗത്തു നിന്നുള്ള വാക്യങ്ങൾ ഉപയോഗിച്ച് നിങ്ങളുടെ ഉത്തരങ്ങൾ ഉറപ്പിക്കുക.**

........................................................................................................................

........................................................................................................................

........................................................................................................................ 4

........................................................................................................................

**7** **യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന കഥ വായിച്ചശേഷം (മർക്കോസ് 4:35 – 41) കർത്താവായ യേശുവിന്റെ മഹത്വത്തെക്കുറിച്ച് ഈ സംഭവം വെളിപ്പെടുത്തുന്നത് നിങ്ങളുടെ വാക്കുകളിൽ എഴുതുക.**

........................................................................................................................

........................................................................................................................

........................................................................................................................ 4

........................................................................................................................

25
ആകെ മാർക്ക്

# ക്രിസ്തുവിന്റെ ജീവിതം

## യൂണിറ്റ് A

### പഠനം 3. യേശു യഹൂദ്യയിൽ

**വായിക്കുക: യോഹന്നാൻ 5:1 – 16, മർക്കോസ് 11:1 – 11, 15 – 19.**

**താക്കോൽവാക്യം: മർക്കോസ് 11:11**

**"അവൻ യെരുശലേമിൽ ദൈവാലയത്തിലേക്ക് ചെന്ന് സകലവും ചുറ്റും നോക്കിയശേഷം നേരം വൈകിയതുകൊണ്ട് പന്തിരുവരോടു കൂടെ ബെഥാന്യയിലേക്ക് പോയി"**

ഓരോ വർഷവും യഹൂദന്മാർക്ക് കുറെ മതപരമായ ആഘോഷങ്ങൾ അഥവ ഉത്സവങ്ങൾ ഉണ്ടാകാറുണ്ടായിരുന്നു. ഈ സന്ദർഭങ്ങളെല്ലാം ഒരു അവധി ദിവസത്തിന്റെ പ്രതീതിയാണ് ഉണ്ടായിരുന്നത്. ദൈവാലയത്തിലെ ശുശ്രൂഷകളിൽ പങ്കെടുക്കുവാനായി അനേക യഹൂദന്മാർ യെരുശലേമിലേക്ക് തീർത്ഥാടനത്തിന് പോയിരുന്നു.

യേശുകർത്താവ് തലസ്ഥാനത്ത് രണ്ടു പ്രാവശ്യം വന്നതായിട്ട് ബൈബിൾ വായനാഭാഗം വ്യക്തമാക്കുന്നു. രണ്ട് അവസരങ്ങളിലും താൻ പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ മുഖാന്തിരം അവിടെയുള്ള മതനേതാക്കളുമായി തർക്കത്തിന് ഇടയായി.

***യോഹന്നാൻ 5***- ൽ തളർന്നു കിടന്നിരുന്ന മനുഷ്യൻ കർത്താവിനാൽ ഉടനടി സൗഖ്യമാക്കപ്പെട്ടു! എന്നാൽ അത് ശബത്ത് ദിവസമായതുകൊണ്ട് (യഹൂദന്മാരുടെ വിശ്രമദിവസം) യഹൂദ പ്രമാണിമാർക്ക് നീരസമുണ്ടാകുകയും അവനെ കൊല്ലുവാനുള്ള പദ്ധതി തയ്യാറാക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു.


***മർക്കോസ് 11***- ൽ അവൻ വില്പനക്കാരെയെല്ലാം ദൈവാലയത്തിൽ നിന്ന് പുറത്താക്കി. യാഗമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് പക്ഷികളേയും മൃഗങ്ങളേയും വിൽക്കുന്നതായിരുന്നു ഇവരുടെ ജോലി. അവർ അവയൊക്കെയും വലിയ വിലയ്ക്കാണ് വിറ്റുകൊണ്ടിരുന്നത്. യേശുകർത്താവ് ദൈവാലയം ശുദ്ധീകരിച്ച ശേഷം പുരോഹിതന്മാരും ശാസ്ത്രിമാരും അവനെ എതിർത്തു നിന്നു.

മത ഉപദേഷ്ടാക്കന്മാരുടെ എതിർപ്പ് യെരുശലേമിൽ ഉണ്ടായിരുന്നതിനേക്കാളും ശക്തമായിരുന്നു ഗലീലയിൽ ഉണ്ടായിരുന്നത്. ചിലപ്പോഴൊക്കെ ഈ എതിർപ്പ് യഹൂദന്മാരിൽ തന്നെയുള്ള ചില കർക്കശ ചിന്താഗതിയുള്ള പരീശന്മാരിൽ നിന്നും ഉണ്ടായിരുന്നു. മറ്റു ചിലപ്പോഴൊക്കെ ഇതിലും കടുത്ത ചിന്താഗതിക്കാരായ സദൂക്യരിൽ നിന്നും ഉണ്ടായിരുന്നു. ദൈവാലയത്തിലെ പുരോഹിതന്മാരും ന്യായപ്രമാണ ഉപദേഷ്ടാക്കന്മാരും (ഇവരെ ശാസ്ത്രിമാർ എന്നും വിളിച്ചിരുന്നു) അവനെ എതിർക്കുന്നതിൽ പലപ്പോഴും പ്രധാന പങ്കു വഹിച്ചു. പ്രധാനമായും യഹൂദമതനേതാക്കൾ യേശുകർത്താവിന്റെ ദൈവപുത്രൻ എന്ന പ്രഖ്യാപനത്തെ വിമർശിച്ചു.

***മർക്കോസ് 11***- ൽ കാണുന്നതുപോലെ യെരുശലേമിലും അവനെ സ്വീകരിച്ചവർ ഉണ്ടായിരുന്നു. അവൻ പട്ടണത്തിലേക്ക് യാത്ര ചെയ്തപ്പോൾ വലിയ ജനക്കൂട്ടം അവനു ചുറ്റും ഉണ്ടായിരുന്നു. അവനെ കണ്ടതിൽ അവർ ശരിക്കും സന്തോഷിച്ചു. അവർ 'ഹോശന്നാ' എന്ന് ആർത്തു വിളിച്ചു. "***കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ***" (ഹോശന്നാ എന്ന വാക്കിന്റെ അർത്ഥം രക്ഷിക്കണമേ എന്നാണ്). അവനെ സ്വാഗതം ചെയ്യുന്നതിൽ ചെറിയ കുട്ടികൾ പോലും ഒന്നിച്ചു കൂടി ***(മത്തായി 21:15)***.

ആ അവസാനനാളുകളിൽ അവൻ തന്റെ സായാഹ്ന സമയങ്ങൾ യെരുശലേമിൽ നിന്നും രണ്ടു മൈൽ ദൂരെയുള്ള ബെഥാന്യ എന്ന ഗ്രാമത്തിൽ ചിലവഴിച്ചു. അവിടെ മാർത്ത, മറിയ, എന്ന രണ്ട് സഹോദരിമാരും അവരുടെ സഹോദരൻ ലാസറും ഉണ്ടായിരുന്നു. അവർ യേശുകർത്താവിന്റെ വിശേഷപ്പെട്ട സുഹൃത്തുക്കൾ ആയിരുന്നു. യേശു അവരുടെ വീട്ടിൽ വരുന്നത് എപ്പോഴും സന്തോഷമുള്ള കാര്യമായി കരുതിയിരുന്നു ***(യോഹന്നാൻ 12: 1 – 2)***. അവൻ സത്യമായും "***ക്രിസ്തുവെന്നും ദൈവപുത്രനാണെന്നും***" അവർക്ക് വളരെ ബോദ്ധ്യമുണ്ടായിരുന്നു ***(യോഹന്നാൻ 11:27).*** ലാസറിനെ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ചതിലൂടെ തന്റെ സ്നേഹത്തേയും ശക്തിയേയും വെളിപ്പെടുത്തു. ഈ വലിയ അത്ഭുതം ഹേതുവായി യഹൂദന്മാർ കോപിക്കുകയും തന്മൂലം ലാസറിനേയും കൂടെ കൊല്ലുവാൻ പദ്ധതി തയ്യാറാക്കുകയും ചെയ്തു ***(യോഹന്നാൻ 12:10).***

യഹൂദ്യയിൽ ചിലർ യേശുകർത്താവിനെ വെറുത്തുവെങ്കിലും മറ്റു ചിലർ അവനെ സ്നേഹിച്ചു എന്നത് വളരെ വ്യക്തമാണ്. ചിലർ അവനെ തിരസ്കരിച്ചപ്പോൾ മറ്റു ചിലർ അവനെ സ്വീകരിച്ചു. ഇന്നും ഇത് ഇങ്ങനെതന്നെയാണ്. യേശുകർത്താവിനോടുള്ള ബന്ധത്തിൽ എന്റെ മനോഭാവം എന്താണ്? ഇത് നമ്മോടു തന്നെ ചോദിക്കാവുന്ന ഒരു ചോദ്യമാണ്. നമ്മുടെ നിത്യത ഇതിനെ ആശ്രയിച്ചിരിക്കുന്നു!



1 യോഹന്നാൻ 7:2 ഉം 13:1 നോക്കിയതിനുശേഷം യഹൂദന്മാരുടെ **രണ്ട്** ഉത്സവങ്ങളുടെ പേരുകളെഴുതുക. (2)

1.................................................. 2 ..................................................

2 ബെഥേസ്ദ കുളക്കരയിൽ കിടന്നിരുന്ന മനുഷ്യനെ യേശുകർത്താവ് സൗഖ്യമാക്കിയതുകൊണ്ട് യഹൂദ നേതാക്കന്മാർ രോഷാകുലരാകുന്നത് എന്തുകൊണ്ട് എന്നെഴുതുക. (3)

..................................................

..................................................

3 യേശു എപ്രകാരമാണ് ദൈവാലയം ശുദ്ധീകരിച്ചത്? (3)

..................................................

..................................................

4 കഴുതയെ അഴിക്കുന്നത് എന്തിനാണെന്ന് മറ്റുള്ളവർ ചോദിക്കുമ്പോൾ എന്ത് ഉത്തരമാണ് ആ രണ്ട് ശിഷ്യന്മാർ നൽകേണ്ടിയിരുന്നത്? (3)

..................................................

..................................................

5 ചുവടെയുള്ള വാക്യത്തിലെ നാല് വാക്കുകൾ ക്രമത്തിലാക്കുക. (4)

യമറി(................), ർമാത്ത................), ർസലാ (................) എന്നിവർ താമസിച്ചിരുന്നത് ബെഥാന്യയിലായിരുന്നു.

6 യേശുകർത്താവ് യെരുശലേമിലേക്ക് വന്നപ്പോൾ നേരിടേണ്ടി വന്ന രണ്ട് തരത്തിലുള്ള പ്രതികരണങ്ങളെക്കുറിച്ച് നിങ്ങളുടെ വാക്കുകളിൽ വിവരിക്കുക. (6)

..................................................

..................................................

..................................................

..................................................

7 യോഹന്നാൻ 3:36 – ൽ പറഞ്ഞിരിക്കുന്ന രണ്ട് തരത്തിലുള്ള ആളുകൾ ആരെല്ലാം? (4)

1. ..................................................

2. ..................................................

25

ആകെ മാർക്ക്

## ന്യൂലൈഫ്
## പ്രവൃത്തി പരിചയം

# ക്രിസ്തുവിന്റെ ജീവിതം

### യൂണിറ്റ് A

**പഠനം 4.** തകർച്ചയും ഉയർച്ചയും

**വായിക്കുക: ലൂക്കോസ് 24:13 – 27, 50 – 53**

**താക്കോൽവാക്യം: യെശയ്യാവ് 53: 5**

**"എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു."**

യേശുകർത്താവ് കഴുതപ്പുറത്തു കയറി യെരുശലേമിലേക്ക് വന്ന് കുറേ ദിവസങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ കാര്യങ്ങൾ അതിന്റെ അവസാനത്തിലേക്ക് വരികയായിരുന്നു. അവൻ തന്റെ ശിഷ്യന്മാരുമൊത്ത് പെസഹാ ആചരിക്കുവാനായി ഒരു വലിയ മുറിയിൽ ഒത്തുകൂടി. അവർ അത് ആചരിക്കുന്ന സമയത്താണ് യേശുകർത്താവ് അവർക്ക് '***തിരുവത്താഴം***' എന്ന കാര്യത്തെ പരിചയപ്പെടുത്തുന്നത്. ഇതിൽ അപ്പവും വീഞ്ഞുമാണ് ഉപയോഗിക്കുന്നത്. അവയോരോന്നും തന്റെ ശരീരത്തെയും രക്തത്തേയുമാണ് പ്രതിനിധാനം ചെയ്തത്. ഇത് സ്ഥിരമായി ആചരിക്കുന്നതിലൂടെ തന്നെ ഓർക്കേണം എന്നാണ് യേശുകർത്താവ് തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടത് ***(1 കൊരിന്ത്യർ 11:23 – 26).***

അന്ന് വൈകുന്നേരം കുറെ സമയത്തിനുശേഷം അവർ ഗത്ശെമന തോട്ടത്തിലേക്ക് പോയി. ഒലിവുമരങ്ങളാൽ ചുറ്റപ്പെട്ട ഈ സ്ഥലത്ത് യേശുകർത്താവ് വളരെ ശ്രദ്ധയോടെ പ്രാർത്ഥിച്ചു. എന്നാൽ അവന്റെ ശിഷ്യന്മാർ ഉറങ്ങിപ്പോയി അല്പസമയത്തിനുശേഷം അവിടെയുണ്ടായിരുന്ന ശാന്തത യേശുകർത്താവിന്റെ ഒരു ശിഷ്യനായിരുന്ന യൂദാസിനാൽ നയിക്കപ്പെട്ട കുറെ ആളുകളാൽ നഷ്ടപ്പെട്ടു. യേശുവിനെ പിടിക്കുവാനാണ് അവർ വന്നത്. ശിഷ്യന്മാരെല്ലാം ഓടിപ്പോയപ്പോൾ യേശുകർത്താവിനെ കെട്ടി ന്യായവിസ്താരത്തിനായി അവർ കൊണ്ടുപോയി.

അവന്റെ ന്യായവിസ്താരത്തിന് പ്രധാനമായും രണ്ട് മേഖലകൾ ഉണ്ടായിരുന്നു. ഒന്നാമത്, തന്റെ സ്വന്തജനമായ യഹൂദന്മാരാൽ വിസ്തരിക്കപ്പെട്ടു. അവരുടെ ഈ സമൂഹത്തെ ന്യായാധിപസംഘം എന്ന് വിളിക്കപ്പെട്ടു. ഈ സംഘം ഏകദേശം 70 പേർ ഉള്ളതും, പ്രധാനമായും പുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും അടങ്ങുന്നതും ആയിരുന്നു. ചോദ്യം ചെയ്യപ്പെട്ടപ്പോൾ യേശു ദൈവപുത്രനാണെന്ന് പ്രഖ്യാപിക്കപ്പെട്ടു ***(ലൂക്കോസ് 22:70).*** അവരുടെ ദൃഷ്ടിയിൽ ഈ പ്രഖ്യാപനം തികച്ചും വ്യാജവും ഇങ്ങനെയുള്ള ഒരു പ്രഖ്യാപനം നടത്തിയതിന് മരണശിക്ഷയ്ക്ക് അർഹനാണെന്നും വിധിച്ചു.

ഈ സമയത്ത് യഹൂദന്മാർ റോമാ സർക്കാരിന്റെ അധീനതയിലായിരുന്നതുകൊണ്ട് മരണശിക്ഷ നൽകുവാനുള്ള അധികാരം യഹൂദന്മാർക്ക് ഇല്ലായിരുന്നു. അതുകൊണ്ട് രണ്ടാമത്തെ ന്യായവിസ്താരം അനിവാര്യമായിരുന്നു. അതിനെ റോമൻ വിസ്താരം എന്ന് അറിയപ്പെട്ടു. അങ്ങനെ യേശുവിനെ റോമാ ഗവർണ്ണറായിരുന്ന പൊന്തിയോസ് പീലാത്തോസിന്റെ അടുത്തേക്ക് അവന്റെ മരണശിക്ഷയ്ക്കുള്ള അനുമതി ലഭിക്കുന്നതിനായിട്ട് അയച്ചു.

പീലാത്തോസ് യേശുവിനെ ചോദ്യം ചെയ്യുകയും അവൻ മരണത്തിന് യോഗ്യനല്ല എന്ന് പ്രസ്താവിക്കുകയും ചെയ്തു. അവൻ യഹൂദ നേതാക്കന്മാരോട് തർക്കിക്കുവാൻ ശ്രമിച്ചുവെങ്കിലും അവർ കോപാകുലരാകുകയും ജനക്കൂട്ടത്തെ ഇളക്കി യേശുവിന്റെ മരണത്തിനുവേണ്ടി ഉറക്കെ വിളിക്കുവാനും പറഞ്ഞു. അല്പസമയത്തിനുശേഷം എന്തു സംഭവിക്കും എന്നറിയാതെ അവരുടെ സമ്മർദ്ദത്തിനു വഴങ്ങി യേശുവിനെ ക്രൂശിക്കുവാൻ ഏൽപിച്ചു.

വളരെ മോശമായ രീതിയിലുള്ള സ്വീകരണത്തിനുശേഷം അവനെ പട്ടണത്തിനു പുറത്ത് കാൽവറി എന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ റോമാ പടയാളികൾ അവനെ ക്രൂശിൽ തറച്ചു. അവന്റെ ഇരുവശത്തും ഓരോ കള്ളന്മാരേയും ക്രൂശിച്ചു ***(ലൂക്കോസ് 23:32 – 43).*** ആറുമണിക്കൂറത്തെ അതികഠിനമായ പീഢനത്തിനുശേഷം യേശു "സകലവും നിവൃത്തിയായി" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞശേഷം തന്റെ പ്രാണനെ വിട്ടു.

അന്നു വൈകുന്നേരം രണ്ട് പുരുഷന്മാർ വളരെ ശ്രദ്ധയോടെ അവന്റെ ശരീരം ക്രൂശിൽ നിന്നും ഇറക്ക് പുതിയതായി പാറയിൽ പണി കഴിപ്പിച്ച കല്ലറയിൽ വെച്ചു. അതിനുശേഷം അവർ അതിന്റെ വാതിൽക്കൽ ഒരു വലിയ കല്ല് എടുത്തുവെച്ചു. ഇത് പിന്നീട് അധികാരികളാൽ മുദ്രയിടപ്പെടുകയും കാവലിന് ഏൽപ്പിക്കപ്പെടുകയും ചെയ്തു.

പിറ്റേ ദിവസം ശബത്ത് അഥവാ വിശ്രമദിവസം ആയിരുന്നു. അതിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം - യേശുകർത്താവിന്റെ ശരീരത്തിന് സുഗന്ധദ്രവ്യം പൂശുവാൻ വന്ന സ്ത്രീകൾ കല്ലറ തുറന്നിരിക്കുന്നതും ശരീരം ഉള്ളിലില്ലാതെയിരിക്കുന്ന കാഴ്ചയും കണ്ട് അത്ഭുതപ്പെട്ടു. ദൂതന്മാർ അവർക്ക് പ്രത്യക്ഷപ്പെടുകയും താൻ മുമ്പ് പ്രവചിച്ചിരുന്നതുപോലെ തന്നെ അവൻ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന് പറയുകയും ചെയ്തു ***(ലൂക്കോസ് 24:1 – 8).***

ആ ദിവസം പിന്നീട് താൻ മഗ്ദലക്കാരത്തി മറിയയ്ക്ക് പ്രത്യക്ഷനായി ***(മർക്കോസ് 16:9)*** അതിനുശേഷം തന്റെ ശിഷ്യന്മാർക്ക് തന്റെ കൈകളും വശങ്ങളും കാണിച്ചു കൊടുത്ത് താൻ യേശു തന്നെയാണെന്ന് വെളിപ്പെടുത്തി. അവരുടെ അത്ഭുതവും സന്തോഷവും ഒന്ന് ആലോചിച്ചു നോക്കൂ ***(യോഹന്നാൻ 20:19 – 20).***

തുടർന്ന് 40 ദിവസത്തേക്ക് പല സമയത്തായി അവനെ കണ്ടു. ഏറ്റവും അവസാനമായി കണ്ടപ്പോൾ അവൻ അവരെ ബെഥാന്യയ്ക്ക് പറഞ്ഞയച്ചു. അവർ അങ്ങനെ ഒലിവുമലയിൽ നിൽക്കുമ്പോൾ അവൻ ശിഷ്യന്മാരോട് ഭൂലോകമൊക്കെയും പോയി സുവിശേഷം പ്രസംഗിക്കുവാൻ പറഞ്ഞു. തന്റെ കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചശേഷം അവൻ സ്വർഗ്ഗത്തിലേക്ക് കയറിപ്പോയി ***(ലൂക്കോസ് 24:50 – 53).***

യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്, സ്വർഗ്ഗാരോഹണം മുതലായ ഈ കാര്യങ്ങൾ നമ്മോടുള്ള ബന്ധത്തിലുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളാണ്. അവനിലുള്ള വിശ്വാസത്തിലൂടെ നിത്യജീവൻ നമുക്ക് നൽകുവാൻ തക്കവണ്ണം അവൻ ഇതൊക്കെയും ഏറ്റെടുത്തു എന്നതിന് നാം എത്രമാത്രം നന്ദിയുള്ളവരായിരിക്കണം!

**ന്യൂലൈഫ്**

# പ്രവൃത്തി പരിചയം



**പഠനം 4.** തകർച്ചയും ഉയർച്ചയും

**1** **തിരുവെഴുത്തുകളെക്കുറിച്ചുള്ള ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് 1 കൊരിന്ത്യർ 11:23 – 26 ഉപയോഗിക്കുക.**

a. കർത്താവ് എപ്പോഴാണ് **'അപ്പം' എടുത്തത്?**

........................................................................................................................................

b. താൻ അപ്പം എടുത്ത് സ്തോത്രം ചെയ്ത് നുറുക്കിയപ്പോൾ എന്താണ് പറഞ്ഞത്?

........................................................................................................................................

c. പാനപാത്രം എന്തിനെ സൂചിപ്പിക്കുന്നുവെന്നാണ് താൻ പറഞ്ഞത്? 3

........................................................................................................................................

**2** **മത്തായി 26:48 – 49 വായിച്ചശേഷം യേശുകർത്താവിനെ യൂദാസ് എങ്ങനെയാണ് ഒറ്റിക്കൊടുത്തത് എന്ന് എഴുതുക.**

........................................................................................................................................

........................................................................................................................................ 3

........................................................................................................................................

**3** **യോഹന്നാൻ 19:38 – 42 ൽ നിന്നും യേശുവിനെ അടക്കം ചെയ്ത രണ്ട് പുരുഷന്മാരുടെ പേരുകളെഴുതുക.** 2

.................................................................... ....................................................................

**4** **4. ചുവടെ കൊടുത്തിരിക്കുന്ന ഓരോ വാക്യങ്ങളും ശരിയോ തെറ്റോ എന്നെഴുതുക.**

1. അപ്പം തന്റെ രക്തത്തെ പ്രതിനിധീകരിക്കുന്നു എന്നാണ് യേശു പറഞ്ഞത് ....................
2. യേശുകർത്താവിനെ ബന്ധിച്ചപ്പോൾ ശിഷ്യന്മാരെല്ലാം ഓടിപ്പോയി ....................
3. യഹൂദന്മാർ യവനന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു ....................
4. യേശുകർത്താവ് ക്രൂശിൽ ആറ് മണിക്കൂർ വ്യഥകൾ അനുഭവിച്ചു .................... 5
5. അവന്റെ ഉയിർത്തെഴുന്നേൽപിനുശേഷം ആദ്യമായി അവനെ കണ്ടത് മഗ്ദനമറിയയാണ്. ....................

**5** **താക്കോൽവാക്യത്തിന്റെ അർത്ഥം എന്താണെന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

........................................................................................................................................

........................................................................................................................................ 4

........................................................................................................................................

**6** **ചുവടെ കൊടുത്തിരിക്കുന്ന ഓരോ സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ എഴുതുക.**

1. യേശുകർത്താവിന്റെ സ്വർഗ്ഗാരോഹണം ....................................................
2. യേശുകർത്താവിന്റെ മരണം ....................................................
3. യേശുകർത്താവിന്റെ ബന്ധനം .................................................... 4
4. തിരുവത്താഴത്തിന്റെ മുഖവുര ....................................................

**7** **ക്രിസ്തുവിന്റെ മരണ, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം എന്നിവ നമുക്ക് ഇന്ന് ഏറ്റവും പ്രാധാന്യമേറിയതാകുവാൻ ഉള്ള കാരണം എന്ത്?**

........................................................................................................................................

........................................................................................................................................

........................................................................................................................................ 4

........................................................................................................................................

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.org